# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2342 19/07/2016 -ൽ മറുപടിയ്ക്ക്

## നഗരപ്രദേശങ്ങളിൽ ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) നഗരപ്രദേശങ്ങളിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | എ) പച്ചക്കറി വികസന പദ്ധതി പ്രകാരം അർബൻ ക്ലസ്റ്റർ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി വീടുകളിലെ മട്ടുപ്പാവുകളിലും മറ്റും കൃഷി ചെയ്യുന്നതിനായി ഗ്രോബാഗുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. നഗര പ്രദേശങ്ങളിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവ കൃഷി നടത്തിപ്പിൽ മികച്ച കോർപ്പറേഷനുകൾക്കും, മുനിസിപ്പാലിറ്റികൾക്കും അവാർഡുകൾ നല്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട 18 മുനിസിപ്പാലിറ്റികളിലും / കോർപ്പറേഷനുകളിലുമുള്ള ഉപഭോക്താക്കൾക്ക് നല്ല കൃഷി മുറ രീതി (ജി.എ.പി) സ്വീകരിച്ച് പഴം, പച്ചക്കറി കൃഷി നടപ്പിലാക്കിയ വിവിധ ക്ലസ്റ്ററുകൾ മുഖേന ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി ഉല്പന്നങ്ങൾ 100/- രൂപയുടെയും, 50/- രൂപയുടെയും കിറ്റുകളായി വിറ്റഴിക്കപ്പെടുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ സ്ഥാപിച്ചു വരുന്നു. കൂടുതൽ ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതാണ്. |
| ബി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളുടെ മട്ടുപ്പാവിലും മറ്റും കൃഷി ചെയ്യുന്നതിനാവശ്യമായ സഹായ നടപടികൾ വകുപ്പ് സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ; | ബി) വീടുകളിലെ മട്ടുപ്പാവുകളിലും മറ്റും കൃഷി ചെയ്യുന്നതിനായി "അർബൻ ക്ലസ്റ്റർ" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഗ്രോബാഗുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം 2,000/- രൂപ വില വരുന്ന പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ അടങ്ങുന്ന ഒരു യൂണിറ്റ് 1,500/- രൂപ സബ്സിഡിയോടെ കർഷകർക്ക് നൽകി വരുന്നു. 500/- രൂപ കർഷകർ ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ട ഈ പദ്ധതിയിൽ ജൈവ രീതിയിലുള്ള കൃഷിയ്ക്കാണ് മുൻതൂക്കം നൽകുന്നത്. മുൻ കാലങ്ങളിൽ നല്കിയ ഗ്രോബാഗുകളിൽ കൃഷി |

ആവർത്തിക്കാൻ വേണ്ട തൈകൾ, വളങ്ങൾ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയും നല്കുന്നുണ്ട്.

| | |
|---|---|
| സി) സബ്സിഡി നൽകുന്നതോടൊപ്പം കൃഷിക്കാവശ്യമായ സാങ്കേതിക ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനായി കൃഷിസ്ഥലം നേരിൽ സന്ദർശിക്കുന്നതിന് വകുപ്പുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ എന്നു വ്യക്തമാക്കാമോ? | സി) ജൈവ കൃഷി പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി കൃഷിക്കാവശ്യമായ സാങ്കേതിക ഉപദേശങ്ങളും, നിർദ്ദേശങ്ങളും നല്കുന്നതിനായി 3 തലത്തിലുള്ള (കൃഷി ഭവൻ, ബ്ലോക്ക്, ജില്ലാതലം) കൃഷി സ്ഥല സന്ദർശനവും, അതോടൊപ്പമുള്ള വിലയിരുത്തലും ജി.എ.പി സർട്ടിഫിക്കേഷൻ പദ്ധതി പ്രകാരം നടത്തുന്നുണ്ട്. ഇതോടൊപ്പം കൃഷി സംബന്ധമായ ലഘുലേഖകളും മറ്റു സാങ്കേതിക ഉപദേശങ്ങളും കൃഷി ഭവനിൽ നിന്ന് നല്കുന്നുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**